**ദനഹാക്കാലം രണ്ടാം ഞായർ**

**യോഹ 1:1-28**

## അത് ക്രിസ്തുവായിരുന്നു

ഫാ. ജസ്റ്റിൻ കാഞ്ഞൂത്തറ

വചനം മാംസമായി നമുക്കിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും തന്റെ ഏകജാതന്റേതുമായ മഹത്വം (യോഹ 1:14-18).

2017 നവംബർ 17 ഞായറാഴ്ചത്തെ മാതൃഭൂമി ദിനപ്പത്രത്തിന്റെ വാരാന്തപ്പതിപ്പിൽ ആദ്യപേജിൽ സോമരാജൻ എന്ന വ്യക്തി നടത്തുന്ന സേവനങ്ങളെക്കുറിച്ച് എഴുതിയിട്ടുണ്ട്. പത്തനാപുരത്ത് 1200-ൽ അധികം അന്തേവാസികൾ പാർക്കുന്ന ഗാന്ധിഭവൻ എന്ന സ്ഥാപനം. ഇത് ആരംഭിക്കുമ്പോൾ ഏറെ കഷ്ടത നിറഞ്ഞ കാലം അദ്ദേഹത്തിനുണ്ടായിരുന്നു. കുറിപ്പിൽ പറയുന്നത് ഇപ്രകാരമാണ്. 180 പേർ പാർപ്പിക്കപ്പെട്ടിരിക്കുന്ന സമയം ഉറ്റ കൂട്ടുകാർ തന്നെ അധികാരികൾക്ക് പരാതി നല്കി, നിരന്തരമായ പരാതികളും അവഹേളനങ്ങളും അതിജീവിക്കാൻ ശ്രമിച്ചു മുന്നേറവേ സാമ്പത്തികബാധ്യതയും കൂടി. ആരും കൂടെയില്ലാതായി ഭാര്യയുടെ പക്കലുണ്ടായിരുന്ന 90 പവൻ സ്വർണവും പലപ്പോഴായി നഷ്ടപ്പെടുത്തി. ഒടുവിൽ ഭാര്യയും പറഞ്ഞു, തനിക്കും മക്കൾക്കും അല്പം വിഷം വാങ്ങിത്തരാൻ.

അങ്ങനെ വിഷം കഴിച്ച് എല്ലാം അവസാനിപ്പിക്കാൻ ആഗ്രഹിച്ച ഒരു രാത്രി, മക്കളുടെയും ഭാര്യയുടെയും മുഖം മനസ്സിൽ കണ്ട് ഉറങ്ങിയും ഉണർന്നും സമയം തള്ളിനീക്കവേ, അദ്ദേഹം മനസ്സിൽ ഓർത്തു, തെരുവിലെ അശരണരെ ജീവിക്കാൻ പ്രേരിപ്പിച്ച താൻ തന്നെ, തന്റെ കുടുംബത്തെ ഇല്ലായ്മ ചെയ്യുകയോ? അദ്ദേഹം പറയുന്നു, എപ്പോഴോ എന്റെ നെറ്റിയിൽ തണുത്ത ഒരു സ്പർശമറിഞ്ഞു. ഞാൻ കണ്ണു തുറന്നു, ഞാൻ ആരുടെയോ മടിയിൽ കിടക്കുകയാണ്, എന്നെ ചേർത്തുപിടിച്ച് തലോടുന്ന കൈകൾ കരുണയുള്ള കണ്ണുകളുള്ള ഒരാൾ. പേടി വേണ്ട, പിടിച്ചു നിൽക്കണം, ആ സ്വരം എന്നോട് പറഞ്ഞു. ഞാൻ പൊട്ടിക്കരഞ്ഞു പോയി, ആ സ്വരം ഞാൻ തിരിച്ചറിഞ്ഞു. അത് ക്രിസ്തുവായിരുന്നു.

ഞാൻ കിടക്കയിൽ നിന്ന് ചാടിയെഴുന്നേറ്റു, മനസ്സ് ശാന്തമായിരുന്നു അപ്പോൾ. അതിരാവിലെ വാതിൽ തുറന്ന് നോക്കുമ്പോൾ രണ്ട് ചാക്ക് അരിയുമായി ഒരു ഓട്ടോക്കാരൻ വീടിനു മുമ്പിൽ, തലേന്ന് ഒരു പുരോഹിതൻ ഏല്പിച്ചു വിട്ടതാണ്.

സോമരാജൻ എന്ന വ്യക്തി അനുഭവിച്ചറിഞ്ഞ ക്രിസ്തു സ്നേഹാനുഭവത്തിന്റെ വിവരണമാണിത്. യേശു തന്നെ സ്പർശിക്കുകയും കരുണയുള്ള കണ്ണുകളോടെ തന്നെ നോക്കുകയും തന്നോട് സംസാരിക്കുകയും ധൈര്യപ്പെടുത്തുകയും പിന്നെ പുതുജീവനിലേക്ക് നയിക്കുകയും ചെയ്തെന്ന് അദ്ദേഹം മനസ്സിലാക്കിയത് വിഷം കഴിച്ച് ആത്മഹത്യ ചെയ്യാൻ ഒരുങ്ങിയ ദിവസമായിരുന്നു.

ഇന്ന് യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഅധ്യായം 14 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ സുവിശേഷകൻ താനും മനുഷ്യവർഗവും ഭൂമി മുഴുവനും അനുഭവിച്ചറിഞ്ഞ രക്ഷയുടെയും കരുണയുടെയും ആഴത്തെ വ്യക്തമാക്കുന്നു. സുവിശേഷകൻ 1-ാം അധ്യായം 14-ാം വാക്യത്തിൽ എഴുതിവച്ചത് ഇപ്രകാരമാണ്, വചനം മാംസമായി നമുക്കിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. ഭൂമുഖം മുഴുവൻ രക്ഷ നല്കുന്ന ദൈവം തമ്പുരാൻ മനുഷ്യനായി ഭൂമുഖത്ത് മനുഷ്യർക്കിടയിൽ വസിക്കാൻ തയ്യാറായി. പുറപ്പാട് ഗ്രന്ഥം 2:6-ൽ ദൈവം പറയുന്നു. ഞാൻ അവർക്കിടയിൽ വസിക്കാൻ അവർ എനിക്ക് ഒരു വിശുദ്ധ കൂടാരം സജ്ജമാക്കണം. അതായത് അവർക്ക് ഇടയിൽ, സമൂഹമധ്യത്തിൽ വാഗ്ദത്തകൂടാരത്തിൽ വസിച്ചിരുന്ന ദൈവശോഭയും മഹത്വവും ഈശോമിശിഹായിൽ നമുക്ക് അനുഭവിക്കാൻ സാധിക്കുന്നു. ഏശയ്യാ പ്രവാചകന്റെ പ്രവചനത്തിലും മത്തായിയുടെ സുവിശേഷത്തിലും നാം കാണുന്നതു പോലെ, ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും. ഇത് ശക്തി പകരുന്ന

ഒരു ബോധ്യമാണ്, കാരണം ദൈവം നമ്മോടുകൂടെ, നമുക്കിടയിൽ വസിക്കുന്നവനാണ്. ഏശയ്യാ പ്രവാചകന്റെ പുസ്തകം 41:10, ഭയപ്പെടേണ്ടാ ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ട ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈ നിന്നോട് കൂടെ ഉണ്ടായിരിക്കും. ജോയേൽ പ്രവാചകന്റെ പുസ്തകം 3:17–ൽ നാം വായിക്കുന്നു. എന്റെ വിശുദ്ധ പർവതമായ സീയോനിൽ വസിക്കുന്ന, നിങ്ങളുടെ ദൈവമായ കർത്താവാണ് ഞാൻ എന്ന് നിങ്ങൾ അറിയും. ജെറുസലേം വിശുദ്ധമായിരിക്കും. അന്യർ ഇനി ഒരിക്കലും അതിലൂടെ നടന്നുപോവുകയില്ല. സഖറിയാ പ്രവാചകന്റെ പുസ്തകം 2:10–ൽ ദൈവം തന്റെ ജനത്തോട് അരുളിച്ചെയ്യുന്നു, സീയോൻ പുത്രീ പാടിയുല്ലസിക്കുക. ഞാൻ വന്ന് നിങ്ങളുടെ ഇടയിൽ വസിക്കും. കർത്താവ് അരുളിച്ചെയ്യുന്നു. നമ്മുടെ ദൈവം നമ്മോട് കൂടെയുള്ളവനും, നമുക്കിടയിൽ നിത്യമായി വസിക്കുന്നവനുമാണ്. അവിടുന്ന് നമ്മിൽ നിന്ന് ദൂരെ നിൽക്കുന്നവനല്ല.

ഇസ്രായേൽ ജനത്തിന് സുപരിചിതരായ രണ്ട് വ്യക്തികളെയും തന്റെ ദർശനം ബോധ്യപ്പെടുത്താൻ സുവിശേഷകൻ ഈ ഭാഗത്ത് ഉൾച്ചേർക്കുന്നുണ്ട്. യഹൂദജനം പ്രവാചകനായും ശ്രേഷ്ഠനായും നോക്കിയിരുന്ന യോഹന്നാൻ സ്നാപകനും ഇസ്രായേലിന്റെ സമുന്നതനായ നേതാവും ദൈവവുമായി മുഖാമുഖം സംസാരിച്ചിരുന്നുവെന്ന് അഭിമാനപുരസ്സരം അവർ ആവർത്തിക്കുകയും ചെയ്തിരുന്ന മോശയും. സ്നാപകൻ യേശുവിനെക്കുറിച്ച് സാക്ഷ്യം നല്കിയിരുന്നുവെന്നും, അദ്ദേഹം ദർശിക്കുകയും വിളിച്ചു പറയുകയും ചെയ്ത ദൈവസാന്നിധ്യത്തെ വിസ്മരിക്കുകയും അവഗണിക്കുകയും ചെയ്യരുതെന്ന് സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നു.

മോശയെ താരതമ്യമായി അവതരിപ്പിക്കുന്നു, പഴയനിയമകാലത്ത് നിയമം ദൈവത്തിന്റെ കയ്യിൽ നിന്നും വാങ്ങിനല്കിയ മോശയെക്കാളും ശ്രേഷ്ഠനും ഉന്നതനുമാണ് ദൈവം തന്നെയായ ഈശോമിശിഹാ എന്ന് യോഹന്നാൻ സുവിശഷകൻ ബോധ്യപ്പെടുത്തുന്നു. മോശയെപ്പോലൊരു പ്രവാചകൻ മാത്രമാണ് യേശു എന്ന് ഇന്നത്തെപ്പോലെ തന്നെ അന്നും വാദിക്കുന്ന ചിലർ ഉണ്ടായിരുന്നിരിക്കണം. അതിനാലാണ് സുവിശേഷകൻ അവരോട് പറയുന്നത്, മോശയെക്കാളും ശ്രേഷ്ഠൻ എന്നു മാത്രമല്ല, ദൈവം തന്നെയായി ഏകജാതനാണ് അവിടുന്ന് എന്ന്. അവിടുന്ന് ദൈവം തന്നെയാണ്.

ദൈവസ്നേഹാനുഭവത്തിൽ നിറയാൻ ദൈവം ഒരുക്കിയ സമയം ആണ് ഓരോ പരിശുദ്ധ കുർബാനയും. സങ്കീർത്തനഗ്രന്ഥം 106:45 അവിടുന്ന് അവർക്കുവേണ്ടി തന്റെ ഉടമ്പടി ഓർമ്മിച്ചു. തന്റെ കാരുണ്യാതിരേകം മൂലം അവിടുത്തെ മനസ്സലിഞ്ഞു. അവിടുന്ന് തന്റെ കാരുണ്യത്തിന്റെ സമൃദ്ധിയിൽ ജനത്തെ വിസ്മരിക്കാതെ മനസ്സലിഞ്ഞ് നല്കിയ പുതിയ ഉടമ്പടിയാണ് പരിശുദ്ധ കുർബാന. ദൈവം തന്റെ ശരീരവും രക്തവും ബലിയായ നല്കി നമുക്കായി ജീവൻ നല്കുന്ന അപ്പമായി. അതിനാൽ നാം ഭക്തിപൂർവം അവിടുത്തെ സമീപിക്കുകയും അവിടുത്തെ ബലിയിൽ പങ്കാളികളാവുകയും ചെയ്യണം.

നമുക്കിടയിലും നമുക്കൊപ്പവും വസിക്കാൻ മനസ്സായ ദൈവത്തെ നമുക്ക് സ്തുതിക്കാം. മാംസമായിത്തീർന്ന വചനം അപ്പമായി നമുക്കിടയിൽ ഇന്നും വസിക്കുമെന്ന യാഥാർത്ഥ്യത്തെ മറക്കാതിരിക്കാം. പ്രാർത്ഥനയിലും ദൈവാനുഭവത്തിലും നമുക്ക് നിറയാം. ജീവിതബലിയുടെ വേദനയിലും സഹനങ്ങളിലും ധൈര്യം പകരുന്ന സാന്നിധ്യമായി നമുക്ക് അവിടുത്തെ തിരിച്ചറിയാം. സങ്കീ 5:7–ൽ സങ്കീർത്തകൻ പറയുന്നതുപോലെ, നമുക്കും മനസ്സിൽ ഓർമ്മിക്കാം. എന്നാൽ അവിടുത്തെ കാരുണ്യാതിരേകത്താൽ ഞാൻ അങ്ങയുടെ ആലയത്തിൽ പ്രവേശിക്കും. ഭക്തിപൂർവം ഞാൻ അങ്ങയുടെ വിശുദ്ധ മന്ദിരത്തിനു നേരെ പ്രണമിക്കും (സങ്കീ 5:7).